File No.LSGD-EPA1/83/2021-LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II ശ്രീമതി രേഷ്മ പി-യ്ക്ക് കണ്ണൂർ ജില്ലാ പഞ്ചായത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ അന്യത്രസേവനം - ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇപിഎ)വകുപ്പ്

സ.ഉ.(സാധാ) നം.1890/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 01/10/2021

---

പരാമർശം:-

1. 10.03.13 ലെ 42/2013/ധന നമ്പർ സർക്കുലർ
2. സ.ഉ(പി)നം.580/2013/ധന, തീയതി 28.11.2013
3. സ.ഉ(സാധാ)നം 284/2015/തസ്വഭവ തീയതി 30.01.2015
4. സ.ഉ(സാധാ)നം 1454/2016/തസ്വഭവ തീയതി 13.04.2016.
5. സ.ഉ. (സാധാ) നം.560/2018/തസ്വഭവ തീയതി, 26/02/2018.
6. സ.ഉ(സാധാ)നം 960/2019/തസ്വഭവ തീയതി 09.05.2019
7. സ.ഉ(സാധാ)നം.1339/2020/തസ്വഭവ, തീയതി 06.07.2020
8. ശ്രീമതി.രേഷ്മ.പി-യുടെ 06.03.2021ലെ അപേക്ഷ
9. കേരള സംസ്ഥാന ആഡിറ്റ് വകുപ്പ് ഡയറക്ടറുടെ 20.03.2021 ലെ ഡി.കെ.എസ്.എ/471/2020/എസ്.എസ് 1 നമ്പർ കത്ത്.

<u>ഉത്തരവ്</u>

കണ്ണൂർ ജില്ലാ പഞ്ചായത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ അന്യത്ര സേവനകാല വ്യവസ്ഥയിൽ ജോലിചെയ്യുന്ന കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II ശ്രീമതി.രേഷ്മ.പി -യ്ക്ക് പരാമർശം (3) ഉത്തരവ് പ്രകാരം കണ്ണൂർ ജില്ലാ പഞ്ചായത്തിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റായി ഒരു വർഷത്തേക്ക് അന്യത്രസേവനകാല വ്യവസ്ഥയിൽ നിയമനം നൽകുകയും, പരാമർശം (4) , പരാമർ ശം (5), പരാമർ ശം (7) എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം പ്രസ്തുത നിയമനം ദീർഘിപ്പിച്ചു നല്കുകയും ചെയ്തിരുന്നു. തുടർന്നും ദീർഘിപ്പിച്ച് നൽകണമെന്നപേക്ഷിച്ചു കൊണ്ട് ടിയാൾ പരാമർശം (8) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (9) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

# File No.LSGD-EPA1/83/2021-LSGD

2 . ശ്രീമതി.പി.രേഷ്മ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് I തസ്തികയിലേക്ക് പ്രൊമോഷനായതായി കാണാവുന്നതാണ്. പരാമർ ശം (2) ഉത്തരവിലെ clause ii (സി) പ്രകാരം അന്യത്ര സേവനത്തിലിരിക്കുന്ന ഒരു ജീവനക്കാരന് മാതൃവകുപ്പിലെ ഉയർന്ന തസ്തികയിൽ സ്ഥാനക്കയറ്റം ലഭിക്കുകയാണെങ്കിൽ പ്രൊമോഷനു ശേഷവും ടിയാളെ അന്യത്ര സേവനത്തിൽ തുടരുവാൻ അനുവദിക്കണമെന്ന foreign employer- ടെ പ്രത്യേക അപേക്ഷയിന്മേൽ വ്യക്തമായ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാത്രമേ ടിയാൾക്ക് ഡെപ്യൂട്ടേഷനിൽ തുടരുവാൻ കഴിയുകയുള്ളൂ. ശ്രീമതി.പി.രേഷ്മയുടെ മാതൃവകുപ്പിലെ ശമ്പള സ്കെയിൽ ഉയർന്നതും ഡെപ്യൂട്ടേഷൻ തസ്തികയിലെ ശമ്പള സ്കെയിൽ താഴ്ന്നതും ആണ്. ഡെപ്യൂട്ടേഷനിൽ തുടരുമ്പോൾ ഉദ്യോഗസ്ഥന് മാതൃവകുപ്പിലെ ശമ്പളത്തിനാണ് അർഹത എന്നതിനാൽ ഇതുവഴി കണ്ണൂർ ജില്ലാ പഞ്ചായത്തിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നു. ഈ സാഹചര്യത്തിൽ കണ്ണൂർ ജില്ലാ പഞ്ചായത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലെ ഡെപ്യൂട്ടേഷൻ 06.07.2021 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിക്കണമെന്ന ശ്രീമതി.പി.രേഷ്മയുടെ അപേക്ഷ പരാമർ ശം (2) ഉത്തരവ് പ്രകാരം പരിഗണിക്കുവാനാകില്ല.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II ആയ ശ്രീമതി.രേഷ്മ.പി, കണ്ണൂർ ജില്ലാ പഞ്ചായത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലെ ഡെപ്യൂട്ടേഷൻ കാലാവധി ദീർഘിപ്പിക്കണമെന്ന അപേക്ഷ 21.03.2021 ൽ തന്നെ സമർപ്പിച്ചതായി കാണുന്നതിനാലും, കൂടാതെ കോവിഡ് 19 മഹാമാരി കാരണം സർക്കാർ ഓഫീസുകൾ പ്രവർത്തിക്കുവാൻ കഴിയാത്തവണ്ണം പല അവസരങ്ങളിലും ലോക്ഡൗൺ ആയിരുന്നതിനാലും ടിയാളുടെ അന്യത്രസേവന കാലയളവ് 05.10.2021 വരെ ദീർഘിപ്പിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷൈജ സി ജി

ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

സെക്രട്ടറി, കണ്ണൂർ ജില്ലാ പഞ്ചായത്ത്, കണ്ണൂർ.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ&എ) കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ഓഫീസർ, കണ്ണൂർ.

ശ്രീമതി രേഷ്മ പി, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, കണ്ണൂർ ജില്ലാ പഞ്ചായത്ത് ഓഫീസ്(സെക്രട്ടറി, കണ്ണൂർ ജില്ലാ പഞ്ചായത്ത് മുഖേന).

ധനവകുപ്പ് (09.09.2021 ലെ dev-4/76/2017/fin നമ്പർ കുറിപ്പ് പ്രകാരം)

File No.LSGD-EPA1/83/2021-LSGD

ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(ഇപിഎ1/83/2021/തസ്വഭവ നമ്പർ ഫയൽ).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ